# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആവോലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ. എസ്. എ.ഇ.കെ.എം.( പി8)330/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 17/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആവോലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആവോലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആവോലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ. എസ്. എ.ഇ.കെ.എം.( പി8)330/23 തീയ്യതി: 17/04/2023

## എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 10-03-2023 | 17-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-03-2023 | 17-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.മരുൺ മാത്യു, ഓഡിറ്റ് ഓഫീസർ
2. ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. സന്തോഷ്കുമാർ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ഷെൽമി ജോൺസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷൈബ ഗോപാൽ | സെക്രട്ടറി | 01-04-2021 | 17-05-2021 |
| ശ്രീമതി.സുനിത.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-05-2021 | 22-06-2021 |
| ശ്രീ ബി ബി കിഷോർ | സെക്രട്ടറി | 23-06-2021 | 31-01-2022 |
| ശ്രീ മൊയ്തീൻ പി പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2022 | 15-02-2022 |
| ശ്രീമതി ശാലിനി വർഗീസ് | സെക്രട്ടറി | 16-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുനിത.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 13-07-2021 |
| ശ്രീ ടോമി ജോസഫ് | അസിസ്റ്റന്റ് സെക്രട്ടറി | 14-07-2021 | 28-02-2022 |
| അഞ്ജു ടി വേണു | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ് | 01-03-2022 | 31-03-2022 |
| ശ്രീമതി.ബിജി പി.എം. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഡോ.പ്രിയ ബെൽരാജ് | മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) | 01-04-2021 | 31-03-2022 |
| ഡോ. സി ആർ മിനി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.എമിൽ പി എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ബോബി പോൾ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശ്രീല ഗോവിന്ദ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഗീതാഞ്ജലി ആർ ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഗീതു അനിൽകുമാർ | വി ഇ ഒ , ആനിക്കാട് സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഗീതു അനിൽകുമാർ | വി ഇ ഒ , ആവോലി സർക്കിൾ | 01-04-2021 | 31-08-2021 |
| ശ്രീ. മുഹമ്മദ് ഷെഫീക്ക് | വി ഇ ഒ , ആവോലി സർക്കിൾ | 01-09-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി ലിജി പി എ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 12-08-2021 |
| ശ്രീമതി ജില്യഷിൻ തോമസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 13-08-2021 | 12-12-2021 |
| ശ്രീമതി അമ്പിളി അഗസ്റ്റിൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 13-12-2021 | 31-03-2022 |
| ശ്രീമതി ലില പി പി | ഹെഡ്മിസ്ട്രസ് | 01-04-2021 | 06-12-2021 |
| ശ്രീമതി ജെസ്സി ജോസഫ് | ഹെഡ്മിസ്ട്രസ് | 07-12-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | തൊഴിലുറപ്പു പദ്ധതി- അപാകതകൾ | 1-6-1 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്-അപാകതകൾ | 1-11 |
| 14 | തൊഴിൽ നികുതി – അപാകതകൾ | 1-12 |
| 15 | അനധികൃത കെട്ടിടങ്ങളുടെ ക്രമവൽകരണവും വസ്തുനികുതി ഈടാക്കലും – അപാകങ്ങൾ | 1-13 |
| 16 | വിനിയോഗ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല | 1-14 |
| 17 | തണ്ടും പുറം കോളനിയിൽ വാട്ടർ ടാങ്ക്- പ്രവൃത്തി ലക്ഷ്യം കൈവരിച്ചില്ല. | 1-15 |
| 18 | നെൽകൃഷി വികസനം-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-16 |
| 19 | രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 20 | ടെൻഡർ വ്യതിയാനം കുറവ് ചെയ്യാതെ തുക അധികം നൽകി | 1-18 |
| 21 | ആസ്തിസംരക്ഷണം-കാര്യക്ഷമത ഉറപ്പ് വരുത്തേണ്ടതാണ് | 1-19 |
| 22 | കാലി ബാരലിന്റെ വില തനത് ഫണ്ടിൽ നിലനിൽക്കുന്നു. | 1-20 |
| 23 | പകർച്ചവ്യാധി നിയന്ത്രണ പരിപാടി -ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-21 |
| 24 | മരുന്നുകൾ ലഭ്യമായില്ല. | 1-22 |
| 25 | ജില്ലാ സമഗ്ര കാൻസർ നിയന്ത്രണ പരിപാടി- അപാകത | 1-23 |
| 26 | മെഡിക്കൽ ഓഫീസർ, പിഎച്ച് സി നടപ്പിലാക്കിയ പദ്ധതിയിലെ അപാകത. | 1-24 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ടെൻഡർ വ്യതിയാനം കുറവ് ചെയ്യാതെ തുക അധികം നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ ശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 20-3-2021ലെ 1-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 3585981 |
| വരവ് | 190657895 |
| ആകെ | 194243876 |
| ചെലവ് | 192090895 |
| നീക്കിയിരിപ്പ് | 2152981 |

സ്ഥാപനത്തിന്റെ 2021-22 ലെ പുതുക്കിയ ബജറ്റ് 18.03.22 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2(1)നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബഡ്ജറ്റ് പ്രകാരമുള്ള ആകെ വരവ് 186205987/-രൂപയും, ചെലവ് 187518404/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 29.06.2022 |

## 1-2-1 വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

ആവോലി ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്).

IKM- സോഫ്റ്റ് വെയറിന്റെ ഈ പോരായ്മ ഇൻഫോർമേഷൻ കേരളമിഷനെ അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1771366/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7593899/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല. IKM- സോഫ്റ്റ് വെയറിന്റെ ഈ പോരായ്മ ഇൻഫോർമേഷൻ കേരളമിഷനെ അറിയിച്ചിട്ടുള്ളതാണ് എന്ന് അറിയിച്ചു. കൃത്യമായ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സോഫ്റ്റ് വെയറിൽ ലഭ്യമാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ആസ്തികൾ ആർജിക്കുന്നതിന് അനുസൃതമായി ക്യാപിറ്റൽ കേൺട്രിബ്യൂഷൻ അക്കൌണ്ട് ക്രഡിറ്റ് ചെയ്യുന്നില്ല. (ധനകാര്യ കമ്മിഷൻ ഗ്രൈഡ് ഫണ്ടിൽ നിന്നുള്ള ചെലവുകൾക്ക് മാത്രമാണ് ക്യാപിറ്റൽ

കേൺട്രിബ്യൂഷിൻ അക്കൌണ്ട് ക്രഡിറ്റ് ചെയ്തിട്ടുള്ളത്). സാംഖ്യാ സപ്പോർട്ട് സെല്ലിന്റെ നിർദ്ദേശമനുസരിച്ചാണ് ഇത്തരത്തിൽ ചെയ്യുന്നത് എന്നാണറിയിച്ചത്. കൃത്യത പരിശോധിച്ച് അറിയിക്കേണ്ടതാണ്.

5 ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ലഭിക്കേണ്ട തുക ഡിമാന്റ് ചെയ്ത് ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റിസീവബിൾസ് (കറൻറ്), അദർ റിസീവബിൾസ് (അരിയർ) എന്ന ഹെഡ്ഡുകളിൽ ആസ്തിയായി രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിച്ച് അറിയിക്കേണ്ടതാണ്.

6) വസ്തു നികുതിയുടെ ഡിമാന്റായി സഞ്ചയ ഡിസിബി സ്റ്റേറ്റ്മെന്റ് അനുസരിച്ചുള്ള തുകകളാണ് വാർഷിക ധനകാര്യപത്രികയിൽ ചേർത്തിരിക്കുന്നത് എങ്കിലും ഇതിന് അടിസ്ഥാനമായ ഡിസിബി സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി കൃത്യത ഉറപ്പവരുത്തുന്നില്ല. റസിഡൻഷ്യൽ വസ്തുനികുതി ഇനത്തിൽ 7845/- രൂപ ചെലവായും റസിഡൻഷ്യൽ വസ്തുനികുതി ഇനത്തിൽ 38884/- രൂപ വരവായും പ്രയർ പീരിയഡ് ഐറ്റംസ് എന്ന ഹെഡിൽ രേഖപ്പെടുത്തിയതായി കാണുന്നു. 2020-21 ധനകാര്യ പത്രിക പ്രകാരമുള്ള മുൻവർഷത്തെ കുടിശ്ശിക തൻവർഷം രേഖപ്പെടുത്തിയ മുൻവർഷ കുടിശ്ശികയുമായി പൊരുത്തപ്പെടുന്നില്ല. വർഷാവസാനത്തെ സഞ്ചയ ഡിസിബി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുത്തുന്നതിനാണ് പ്രയർ പീരിയഡ് ഐറ്റംസ് എന്ന ഹെഡിലൂടെ കുടിശ്ശികയിൽ മാറ്റം വരുത്തുന്നത് എന്ന മറുപടി തൃപ്തികരമല്ല. ഇത്തരം വ്യത്യാസം സംബന്ധിച്ചുള്ള പത്രികകൾ കൃത്യത ഉറപ്പുവരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും ഏതേത് കെട്ടിടങ്ങളുമായി ബന്ധപ്പെട്ടാണ് ഇത്തരത്തിൽ വ്യത്യാസം ഉണ്ടായിട്ടുള്ളത് എന്നത് വിശദാംശങ്ങൾ അടക്കം അറിയിക്കേണ്ടതുമാണ്.

7) ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂൾ പ്രകാരം, 21 ഹെഡുകളിലായി ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ 10ഹെഡുകളിലായി ആണ് അക്കൌണ്ട് ചെയ്തിട്ടുള്ളത്. ILGMS- സോഫ്റ്റ് വെയറിൽ എല്ലാ ആസ്തികൾക്കും ഡിപ്രസിയേഷൻ ഹെഡ് ഇല്ലാത്തതാണ് ഇതിന് കാരണമായി അറിയിച്ചത്. സോഫ്റ്റ് വെയറിൽ മാറ്റം വരുത്തുന്നതിന് ഇൻഫോർമേഷൻ കേരളമിഷനുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

8) ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ അക്കൗണ്ട് ഹെഡുകളിലായി (320200309-10088/-, 320700204-425528/-) മുൻവർഷങ്ങളിൽ ലഭിച്ച തുകകൾ ചെലവഴിക്കാതെ നിലനിനിൽക്കുന്നു. ഈ തുകകൾ ലഭിച്ച വർഷം തിരിച്ച് അറിയിക്കേണ്ടതും അതത് ഫണ്ടുകളിൽ തിരിച്ചടയ്ക്കേണ്ടവ യുണ്ടെങ്കിൽ തുടർ നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ സഹിതം അറിയിക്കേണ്ടതുമാണ്.

9) ബി-4 ഷെഡ്യൂൾ പ്രകാരമുള്ള അക്കൌണ്ട് ഹെഡ് 320700204 -Contribution For Joint Venture Projects-BP-ലെ നീക്കിയിരിപ്പ് ഇതുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. ബാക്കി തുക തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിലാണ് ഉള്ളത് എന്നറിയിച്ചു. ബി-4 ഷെഡ്യൂൾ പ്രകാരമുള്ള അക്കൌണ്ട് ഹെഡുകളിലെ നീക്കിയിരിപ്പും ഇതുമായി ബന്ധപ്പെട്ടുള്ള പ്രത്യേക ആവശ്യങ്ങൾക്ക് മാത്രമായുള്ള ബാങ്ക് അക്കൌണ്ടുകളിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

10) ബി-9ഷെഡ്യൂൾ പ്രകാരം അക്കൗണ്ട് ഹെഡ് 320700204 -Goverment And Other Due Payable VAT എന്ന ഇനത്തിൽ മുൻവർഷങ്ങളിൽ കളക്ട് ചെയ്ത 37120/- രൂപ സർക്കാരിന് തിരിച്ചടയ്ക്കാതെ നിലനിൽക്കുന്നു. ബന്ധപ്പെട്ട ഹെഡിൽ അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

11) വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും സാംഖ്യയിൽ ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. വർഷാവസാനം സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവ് തന്നെ ഡിമാന്റ് ആയിട്ടുള്ള ഡിസിബി സ്റ്റേറ്റ്മെന്റുകൾ രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്യുന്നത് . അക്രൂവൽ ചെയ്യുന്ന വരവുകൾ പ്രതീക്ഷിത വരവിനനുസരിച്ച് വർഷാരംഭത്തിലും പിന്നീട് സമയാസമയങ്ങളിലും

ഡിമാന്റ് രേഖപ്പെടുത്തുന്നതിനും ബന്ധപ്പെട്ട രജിസ്റ്ററുകൾ അക്കൌണ്ടുമായി പൊരുത്തപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

12) ഷെഡ്യൂൾ I-19 പ്രകാരം വിവിധ അക്കൗണ്ട് ഹെഡുകളിൽ പ്രയർ പിരിയഡ് ഐറ്റംസ് എന്ന ഇനത്തിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട കൃത്യമായ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്. 280200402 എന്ന അക്കൗണ്ട് ഹെഡിൽ വരവ് ചേർത്ത 200000/-രൂപ (ശ്രീമതി. അമ്മിണി കുഞ്ഞപ്പന് വീട് മെയിന്റനൻസിന് നൽകിയ തുകയിൽ നിന്ന് റിക്കവറി ഇനത്തിൽ ഈടാക്കിയ തുക) അനുവദിച്ച ഫണ്ട് അനുസരിച്ച് ട്രഷറിയിൽ തിരിച്ചടയ്ക്കേണ്ടതുണ്ടോ എന്ന് പരിശോധിച്ച് തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം അവശ്യപ്പെട്ട് നൽകിയ 15-3-23 ലെ ഓഡിറ്റ് എൻക്വയറി നം. 5 ന് നൽകിയ മറുപടി പരിഗണിച്ച ശേഷമുള്ള ഓഡിറ്റ് നിർദേശങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | : 17209094.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : 66656840.00 |
| ആകെ | : 83865934.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : 64885474.00 |
| നീക്കിയിരിപ്പ് | : 18980460.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 83619.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 3954088/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 7981941 | 7981941 | 7702987 | 0 | 278954 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2564134 | 2564134 | 2113487 | 0 | 450647 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 118600 | 118600 | 103000 | 0 | 15600 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 17776000 | 17776000 | 15511662 | 0 | 2264338 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5715591 | 5715591 | 4009175 | 0 | 1706416 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 7074910 | 7074910 | 2148917 | 2457950 | 2468043 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 3160177 | 3160177 | 2660046 | 472318 | 27813 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | 0 | | | | | |
| 320100121 ICDS | 152113 | 583589 | 735702 | 735702 | - | |
| 320200301 അംഗനവാടി നെയിം ബോർഡ് | 30000 | - | 30000 | 29000 | 1000 | |

| | | | | | | |
|---|---|---|---|---|---|---|
| 320300103 ടോട്ടൽ സാനിട്ടേഷൻ | 1202258 | - | 1202258 | 705434 | 496824 | |
| 320200309സാക്ഷരത | 9801 | 287 | 10088 | - | 10088 | |
| സംസ്ഥാനാ വിഷ്കൃതഫണ്ട്- | | | | | | |
| 320200322 ശുചിത്വമിഷൻ | 2205234 | 224000 | 2429234 | 1766353 | 662881 | |
| 320200399 ആശ്രയ | - | 1333333 | 1333333 | 1333333 | - | |
| 320300199 വിമുക്തി ഫണ്ട് | 34338 | 13374 | 47712 | 31712 | 16000 | |
| 320700404 ഇലക്ഷൻ ഫണ്ട് | - | 31500 | 31500 | 31500 | - | |
| 320800199 ലൈഫ് -സംസ്ഥാന വിഹിതം | 1300000 | 1710000 | 3010000 | 2920000 | 90000 | |

കുറിപ്പ്

1. വിവിധ ഫണ്ടുകളുടെ ജി ഒ പ്രൊജക്റ്റ് തുകയും (സോഴ്സ് ഡിഡക്ഷൻ) ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകയും താഴെ ചേർക്കുന്നു.

| ഫണ്ടിനം | ജി ഒ പ്രൊജക്റ്റ് തുക | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3223468 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 58666 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ്- Tied | 0 | 94766 |

2. ധനകാര്യ കമ്മീഷൻ അവാർഡ്- ഇനത്തിൽ ACR ചെലവും RP-7 വരവും പൊരുത്തപ്പെടുന്നില്ല. വിശദാംശം ലഭ്യമാക്കേണ്ടതാണ്.

3. തൻവർഷം അനുവദിച്ച ധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽ ബാങ്ക് അക്കൌണ്ടിൽ 2930268/- രൂപ നീക്കിയിരിപ്പുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ചത് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 183 | 83299999 | 147 | 47952026 | 136 | 11 | 36 | 74.32% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2613 | 387921 | 390534 | 390418 | 116 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 14279413 | 14279413 | 14279413 | 0 |
| ആകെ | 2613 | 14667334 | 14669947 | 14669831 | 116 |

1-6-1 തൊഴിലുറപ്പ് പദ്ധതി- അപാകതകൾ

1. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. സപ്ലൈ ചെയ്ത സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവ് എടുത്തിട്ടില്ല. വാങ്ങിയ സാധനങ്ങൾ അളവെടുത്ത് സ്റ്റോക്കിലെടുത്ത് , തൊഴിലുറപ്പ് പദ്ധതി കേരള മിഷൻ ഡയറക്ടർ 30.07.2019 ലെ 957/ഇ.ജി.എസ്-സി/10/ആർ.ഇ.ജി.എസ് നമ്പർ കത്തിലെ നിർദ്ദേശങ്ങൾ പാലിച്ച് വിനിയോഗിക്കേണ്ടതുമാണ്. തൻവർഷം ലഭ്യമായ ഡിസ്പ്ലേ ബോർഡ് അടക്കം എല്ലാ സാധന സാമഗ്രികളും സ്റ്റോക്കിലെടുത്ത് രജിസ്റ്റർ പരിശോധനക്കായി സൂക്ഷിക്കേണ്ടതാണ്.

2. കോഴിക്കൂട്, ആട്ടിൻകൂട്, തൊഴുത്ത് നിർമ്മാണം തുടങ്ങിയ വ്യക്തിഗത ആനുകൂല്യം നൽകുന്ന പ്രവൃത്തികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലെ മാനദണ്ഡം വ്യക്തമല്ല. സംസ്ഥാന സർക്കാരിന്റെ പദ്ധതി മാർഗ്ഗരേഖ പ്രകാരം നൽകാവുന്ന വ്യക്തിഗത ആനുകൂല്യങ്ങളുടെ തെരഞ്ഞെടുപ്പിന് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളും, അനുവദിക്കാവുന്ന സബ്സിഡിക്ക് പരിധിയും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിൽ ആകെ നിർമ്മാണച്ചെലവും സർക്കാർ വഹിക്കുകയാണ് ചെയ്യുന്നത്. ഈ പ്രവൃത്തികളിൽ ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചെങ്കിലും ലഭ്യമാക്കിയില്ല. വ്യക്തിഗത ആനുകൂല്യങ്ങൽക്ക് അർഹരാണെന്നുള്ള ഗ്രാമസേവകന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത് എന്ന മറുപടി തൃപ്തികരമല്ല. സുതാര്യമായ മാനദണ്ഡം അനുസരിച്ച് കമ്മിറ്റി അംഗീകരിച്ച് ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

3 തൻവർഷം വ്യക്തികളുടെ സ്ഥലങ്ങളിൽ മണ്ണുജലസംരക്ഷണം പദ്ധതികൾ ദേശീയ തൊഴിലുറപ്പ പദ്ധതിയിലൂടെ നടപ്പിലാക്കിയതായി കാണുന്നു. ഫയലുകൾ പരിശോധിച്ചതു പ്രകാരം ഈ പ്രവൃത്തികളുടെ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റോ, പ്രവൃത്തികൾ നടത്തിയതായുള്ള ഗുണഭോക്താക്കളുടെ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. കൃത്യമായ വിവരങ്ങൾ ഫയലിൽ സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

4. പ്രവൃത്തികളുടെ ജിയോടാഗ് സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ ഭുവൻ സോഫ്റ്റ് വെയറിൽ ലഭ്യമാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. പ്രവൃത്തികളുടെ ലൊക്കേഷൻ സംബന്ധിച്ച കൃത്യമായ വിശദാംശങ്ങൾ ഫയലിലും രജിസ്റ്ററിലും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും തുടർ വർഷങ്ങളിൽ ഇതേ പ്രവൃത്തികൾ ഇതേ ലൊക്കേഷനുകളിൽ നടപ്പിലാക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 16-03-23ലെ ഓഡിറ്റ് എൻക്വയറി നം 9 നുള്ള മറുപടി പരിഗണിച്ചതിന് ശേഷമുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് അറിയിക്കേണ്ടതാണ്.

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 2392400 | 156 |
| വിധവാപെൻഷൻ | 8916200 | 590 |
| വാർദ്ധക്യകാലപെൻഷൻ | 21321000 | 1493 |
| വികലാംഗപെൻഷൻ | 3092000 | 202 |
| അവിവാഹിത-50 വയസ്സിന് മുകളിൽ | 370800 | 27 |
| വിധവകളുടെ പെൺമക്കളുടെ | - | - |

| | | |
|---|---|---|
| വിവാഹധനസഹായം | | |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.03.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12190 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകളും ഫയലുകളും നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാ വിഭജനം നടത്തി സെക്ഷനുകളുടെ ചുമതലകളിൽ ക്രമീകരണം വരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യവർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഓരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നില്ല. പദ്ധതികളുടെ നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.01.2021 | 2/20 മുതൽ 12/20 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.12.2017 – 29.12.2017 | 2012-13 മുതൽ 2016-17 വരെ | 1.03.2018 |

## 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്-അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2021-22 വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1). കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങളിലെ 7,17,18,20,21 എന്നീ ചട്ടങ്ങൾ പ്രകാരം പ്രസിഡന്റ് നൽകുന്ന ഏതൊരു ലൈസൻസിനും II,III,IV എന്നീ പട്ടികകളിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. മേൽ ചട്ടങ്ങൾ മുഖാന്തിരം ഗ്രാമ പഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ സംബന്ധിക്കുന്ന വിവരങ്ങൾ, നിരക്ക് സംബന്ധിച്ച് കമ്മിറ്റി അംഗീകരിച്ച തീരുമാനങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.

2). ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

ജി.ഒ.(പി) നം.80/2017/എൽ.എസ്.ജി.ഡി / തീയതി 31.10.2017 ഉത്തരവ് പ്രകാരം വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും മറ്റു സംരംഭങ്ങൾക്കുമുള്ള ലൈസൻസ് ഫീ ഈടാക്കുന്നത് സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ്. മേൽ ഉത്തരവിൻ പ്രകാരം ഉൽപാദന മേഖലയിലും സേവനമേഖലയിലും ഉള്ള മൂലധനനിക്ഷേപത്തിന്റെ ഓരോ സ്ലാബിന്റേയും അടിസ്ഥാനത്തിൽ ഈടാക്കേണ്ട പരമാവധി ലൈസൻസ് ഫീ നിശ്ചയിച്ചിട്ടുണ്ട്.

ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് നിരക്കുകൾ താഴെ

ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിഭാഗം | മേഖല | മൂലധന നിക്ഷേപം | ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീ (രൂപയിൽ) |
|---|---|---|---|---|
| 1 | മൈക്രോ എന്റർപ്രൈസസ് | ഉൽപാദന മേഖല | 25 ലക്ഷം രൂപയിൽ കൂടാത്തത് | 500 |
| | | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടാത്തത് | |
| 2 | മിനി എന്റർപ്രൈസസ് | ഉൽപാദന മേഖല | 25 ലക്ഷം രൂപയിൽ കൂടുതലും ഒരു കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 1000 |
| | | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ അധികരിക്കാത്തതും | |
| 3 | സ്മാൾ എന്റർപ്രൈസസ് | ഉൽപാദന മേഖല | ഒരു കോടി രൂപയിൽ കൂടുതലും 5 കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 5000 |
| | | സേവന മേഖല | 50 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ അധികരിക്കാത്തതും | |
| 4 | മീഡിയം എന്റർപ്രൈസസ് | ഉൽപാദന മേഖല | 5 കോടി രൂപയിൽ കൂടുതലും 10 കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 10000 |
| | | സേവന മേഖല | 2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരിക്കാത്തതും | |
| 5 | ലാർജ് എന്റർപ്രൈസസ് | ഉൽപാദന മേഖല | 10 കോടി രൂപയിൽ കൂടുതൽ | 15000 |
| | | സേവന മേഖല | 5 കോടി രൂപയിൽ കൂടുതൽ | |

എന്നാൽ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളിൽ നിന്നും വിവിധ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു. ഏതാനം ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | ലൈസൻസ് നം. | ഈടാക്കിയ ലൈസൻസ് ഫീ (രൂപയിൽ) |
|---|---|---|---|---|
| 1 | നെല്ലിപ്പള്ളിൽ ഇന്റസ്ട്രീസ് | സേവ്യർ മാത്യു | 4 | 1500 |
| 2 | ബിജിൻസ് | ബിജി തങ്കച്ചൻ | 48 | 300 |
| 3 | കോയിക്കൽ ട്രേഡേഴ്സ് | അഞ്ചന | 111 | 400 |
| 4 | കെ എം സ്റ്റോഴ്സ് | നിസാം കെ എം | 116 | 300 |
| 5 | സി ബി എം ജി കൺസ്ട്രക്ഷേഴ്സ് | സിമ്മി ജോർജ് | 118 | 300 |
| 6 | ടോറിനോ ഗോൾഡ് | ജോജോ ജോസഫ് | 121 | 300 |

2021-2022 കാലയളവിൽ ആകെ നല്കിയ 196 ലൈസൻസുകൾക്ക് വ്യത്യസ്തങ്ങളായ നിരക്കുകളിൽ ഫീസ് ഈടാക്കിയതിന്റെ അടിസ്ഥാനം എന്താണെന്ന് വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 15.03.2023-ൽ നൽകിയ 06-ാം നമ്പർ അന്വേഷണ കുറിപ്പിന് ലഭ്യമായ മറുപടിയിൽ ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് പരമാവധി വാങ്ങുന്നതിനായി ശ്രമിക്കുന്നുണ്ടെന്നും, സ്ഥാപനങ്ങളുടെ മൂലധന ചെലവിലുള്ള ഏറ്റക്കുറച്ചിലുകൾ കാരണമാണ് അത്തരത്തിൽ ഫീസ് ഈടാക്കേണ്ടിവന്നത് എന്നും അറിയിച്ചിട്ടുണ്ട്.

3) ജോമി റ്റി ജോൺ (തോപ്പിൽ വീട്, പെരുമ്പല്ലൂർ, മൂവാറ്റുപുഴ) എന്ന ലൈസൻസിയുടെ സെന്റ്. ആന്റണീസ് ജ്യൂസ് പാർക്ക് എന്ന സ്ഥാപനം ലൈസൻസിന് അപേക്ഷിച്ചിരിക്കുന്നത് ബേക്കറി, ഹാർഡ് വെയർ എന്നീ സ്ഥാപനങ്ങളുടെ നടത്തിപ്പിനാണ്. പ്രസ്തുത അപേക്ഷയിന്മേൽ 2021-22-ൽ നൽകിയ 76-ാം നമ്പർ ലൈസൻസിൽ ബേക്കറിക്ക് മാത്രമാണ് ലൈസൻസ് നല്കിയിരിക്കുന്നത്. 2020-21 വർഷത്തിൽ ഇതേ വ്യക്തിക്ക് നല്കിയ 153-ാം നമ്പർ ലൈസൻസിൽ ബേക്കറിക്കും ഹാർഡ് വെയറിനും ലൈസൻസ് നല്കിയിട്ടുണ്ട്. സ്ഥാപനം നില നിൽക്കുന്ന കെട്ടിടത്തിന്റെ ആകെ വിസ്തീർണം, നൽകിയിട്ടുള്ള കെട്ടിട നമ്പരുകൾ എന്നിവ

(അപേക്ഷയിലേയും നൽകിയ ലൈസൻസിലേയും) അവ്യക്തമാണ്. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് 15.03.2023-ൽ നൽകിയ 06-ാം നമ്പർ അന്വേഷണ കുറിപ്പിന് ലഭ്യമായ മറുപടിയിൽ സെന്റ്. ആന്റണിസ് ജ്യൂസ് പാർക്ക് എന്ന സ്ഥാപനം 35.76 ച.മീ. വിസ്തീർണത്തിലുള്ള 153-ാം നമ്പർ കെട്ടിടത്തിലാണെന്നും, സെന്റ്. ആന്റണീസ് റൂഫ്സ് ആന്റ് ഹാർഡ് വെയർ എന്ന സ്ഥാപനം നിലനിൽക്കുന്ന കെട്ടിടത്തിന് നമ്പർ നൽകിയിട്ടില്ലാത്തതും തണ്ണീർതട (നിലം) ഭൂമിയിൽ നിലകൊള്ളുന്നതുമായ അനധികൃതകെട്ടിടമാണ് എന്നാണ്.

എന്നാൽ സെന്റ്. ആന്റണീസ് റൂഫ്സ് ആന്റ് ഹാർഡ് വെയർ എന്ന സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് പ്രാദേശിക പരിശോധനയിൽ കാണുകയുണ്ടായി. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ടി സ്ഥാപനത്തിനെതിരെ ഗ്രാമ പഞ്ചായത്ത് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും, മേൽ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം UA രജിസ്റ്ററിൽ ചേർക്കാത്തതിന്റെ കാരണം എന്താണെന്നും നാളിതുവരെ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിൽ നിന്നും ഈടാക്കിയ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ, വസ്തു നികുതി നിർണയ രേഖകൾ എന്നിവ സംബന്ധിച്ച വിവരം ഓഡിറ്റിനായി ഹജരാക്കണമെന്നും ആവശ്യപ്പെട്ട് 17.03.2023 ൽ നൽകിയ 20-ാം നമ്പർ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമായില്ല.കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) പ്രകാരം ലൈസൻസ് അപേക്ഷകരിൽ നിന്ന് ചട്ടം 7 പ്രകാരമുള്ള ഫീസും,കൂടാതെ ബാധകമായവയിൽ നിന്ന് ചട്ടം 17, ചട്ടം 18, ചട്ടം 20, ചട്ടം 21 എന്നിവ മുഖാന്തിരം പരമാവധിയിൽ കവിയാൻ പാടില്ലാത്ത ഫീസ് ഈടാക്കുന്നതിനായി ലൈസൻസ് ഫീസ് നിരക്കുകൾ നിശ്ചയിക്കേണ്ടതും ആയത് കൃത്യമായി ഈടാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. മേൽ പരാമർശിച്ചിട്ടുള്ള ലൈസൻസ് അപേക്ഷയിലെ അപാകത 3 സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി വ്യക്തത ഉറപ്പുവരുത്തേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള ഉചിതമായ മേൽ നടപടികൾ സ്വീകരിക്കേണ്ടതും കൂടാതെ സൂചിപ്പിച്ച എല്ലാ അപാകതകളും പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 തൊഴിൽ നികുതി – അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി രജിസ്റ്ററിൽ വ്യക്തമല്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | കുരീത്തടം ഓട്ടോമൊബൈൽസ് & സർവീസ് സെന്റെഴ്സ് | ഒന്നാം അർദ്ധവർഷം ,രണ്ടാം അർദ്ധവർഷം |
| 2 | വി പി ജേയിംസ് മേത്തിപാറ സോമിൽ | ഒന്നാം അർദ്ധവർഷം ,രണ്ടാം അർദ്ധവർഷം |
| 3 | ചാലക്കര സോമിൽ | ഒന്നാം അർദ്ധവർഷം ,രണ്ടാം അർദ്ധവർഷം |
| 4 | ബിസ്മി കണക്ട്സ് | ഒന്നാം അർദ്ധവർഷം ,രണ്ടാം അർദ്ധവർഷം |

വിശദീകരണത്തിനായി 16.03.2023-ൽ നൽകിയ 16-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

2) കരാറുകാരുടെ തൊഴിൽ നികുതി - അപാകങ്ങൾ

എൽ എസ് ജി ഡി എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ 66 മരാമത്ത് ജോലികൾക്കായി ആകെ 23 കോൺട്രാക്ടർമാർ ജോലികൾ ഏറ്റെടുത്തിട്ടുണ്ട് . ആകെ കോൺട്രാക്ടർമാരിൽ ഒരാളാണ് (പ്രോ.നം. 241/22) 60 ദിവസത്തിൽ കൂടുതൽ ജോലിചെയ്തിട്ടുള്ളതെന്നും ടി കരാറുകാരൻ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടുള്ളതാണെന്നും ആയതിന്റെ പകർപ്പ് ഹാജരാക്കാത്ത പക്ഷം ഈ പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കുന്നതുമാണ് എന്നും 16.03.2023-ലെ 16-ാം നമ്പർ എൻക്വയറിക്ക് നൽകിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

എന്നാൽ തൊഴിൽനികുതി കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുണ്ടെന്നതിന്റെ രേഖകൾ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതും തൊഴിൽനികുതി അടവാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത കരാറുകാരനിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കി വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതുമാണ്

## 1-13 അനധികൃത കെട്ടിടങ്ങളുടെ ക്രമവൽകരണവും വസ്തുനികുതി ഈടാക്കലും – അപാകങ്ങൾ

1) ഗ്രാമ പഞ്ചായത്തിലെ 5-ാം വാർഡിൽ 44/8-2,44/9-4, 44/11എന്നീ സർവേ നമ്പർ സ്ഥലത്ത് വാണിജ്യ ആവശ്യത്തിനായുള്ള കെട്ടിടം നിർമിക്കുന്നതിനായി 07/12/2021-ൽ ജോർജ് ജോൺ എന്നയാൾ അപേക്ഷ നൽകുകയും (അപേക്ഷ നമ്പർ 3433) ആയതിന്മേൽ എ.ഇ നടത്തിയ സൈറ്റ് പരിശോധനയിൽ മേൽ സർവേ നമ്പർ സ്ഥലത്ത് നിലനിൽക്കുന്ന 5/233 നമ്പർ കെട്ടിടത്തിന് ആകെ 260.98ച.മീ വിസ്തീർണം ഉണ്ട് എന്നും എന്നാൽ 185 ച.മീ. ആണ് നിയമാനുസൃതമായിട്ടുള്ളതെന്നും ബാക്കിവരുന്ന 75.98 ച.മീ. അനധികൃതമാണെന്നും ആയതിനാൽ 75.98 ച.മീ. ക്രമവൽകരിക്കുന്നതിനായി (75.98 X 14) 1064 /- രൂപ ഫീസ് നിശ്ചയിച്ചിട്ടുള്ളതുമാണ്. അതിൻ പ്രകാരം അപേക്ഷകൻ 1220100885 രസീത് പ്രകാരം തുക 09.06.2022 -ൽ അടവാക്കിയതായി ഫയലിൽ കാണുന്നു. തുക അടവാക്കിയതിനാൽ അപേക്ഷകന് പ്രസ്തുത കെട്ടിടം പണിയുന്നതിനായി 09.06.2022-ൽ പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വേയറിൽ നിന്നും ലഭ്യമായ അസ്സസ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും 5/233 നമ്പർകെട്ടിടത്തിന് നിലവിൽ ഈടാക്കുന്ന വാർഷിക വസ്തു നികുതി 364/- രൂപയാണ് . ആയതിനാൽ നികുതി പുതുക്കി നിശ്ചയിക്കാതെ തുടരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് 17.03.2023-ൽ നൽകിയ 18-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമായില്ല.

2) സെന്റ്. ആന്റണീസ് റൂഫ്സ് ആന്റ് ഹാർഡ് വെയർ എന്ന സ്ഥാപനം നിലലിൽക്കുന്ന കെട്ടിടത്തിന് നമ്പർ നൽകിയിട്ടില്ലാത്തതും തണ്ണീർതട (നിലം) ഭൂമിയിൽ നിലകെള്ളുന്നതുമായ അനധികൃതകെട്ടിടമാണ് എന്നുള്ളത് 15.03.2023-ൽ നൽകിയ 06-ാം നമ്പർ അന്വേഷണ കുറിപ്പിന് ലഭ്യമായ മറുപടിയിൽ വ്യക്തമാകുന്നു. എന്നാൽ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം UA രജിസ്റ്ററിൽ ചേർത്തിട്ടുള്ളതായി കാണുന്നില്ല എന്നും നാളിതുവരെ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിൽ നിന്നും ഈടാക്കിയ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ, വസ്തു നികുതി നിർണയ രേഖകൾ എന്നിവ സംബന്ധിച്ച വിവരം ഓഡിറ്റിനായി ഹാജരാക്കണമെന്നും ആവശ്യപ്പെട്ട് 20.03.2023-ൽ നൽകിയ18-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമായില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 1994, വകുപ്പ് 203(1) പ്രകാരം, ഏതൊരു ഗ്രാമപഞ്ചായത്തിനും ആക്റ്റിലെ വ്യവസ്ഥകൾക്കും കേരള പഞ്ചായത്ത് രാജ് (വസ്തുനികുതി, സേവന നികുതി, സർചാർജുകൾ)ചട്ടങ്ങൾ 2011, അനുസരിച്ച് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന എല്ലാ കെട്ടിടത്തിനും (207-ാം വകുപ്പ് പ്രകാരം ഒഴിവാക്കിയിട്ടില്ലെങ്കിൽ) വസ്തുനികുതി ഈടാക്കേണ്ടതാണ് . 2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണം, ഉപയാഗരീതി, എന്നിവയുടെ അടിസ്ഥാനത്തിലാണ് വസ്തു നികുതി ചുമത്തേണ്ടത്. ഇതനുസരിച്ച് ചതുരശ്ര മീറ്റർ അടിസ്ഥാനത്തിൽ വസ്തുനികുതി നിരക്ക് നിശ്ചയിക്കേണ്ടതാണ്.

മേൽ അപാകങ്ങ ((1),(2)) -ളിന്മേൽ സൂക്ഷ്മ പരിശോധന നടത്തേണ്ടതും അപാകം (1)ൽ അനധികൃത നിർമാണം ക്രമവൽക്കരിച്ച നാൾ മുതൽ വസ്തു നികുതി പുതുക്കി നിർണ്ണയിച്ച് ഈടാക്കേണ്ടതുണ്ട്. അപാകം (2)ൽ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം UA രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ചട്ട പ്രകാരം ഈടാക്കേണ്ടതുമാണ് . അപാകങ്ങൾക്ക് തുടർ നടപടി സ്വീകരിക്കേണ്ടതും രേഖാമൂലം വിശദീകരണം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-14 വിനിയോഗ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾക്കായി പദ്ധതി വിഹിതത്തിൽ നിന്നും വിവിധ സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. തുക മുൻകൂർ കൈമാറിയെങ്കിലും തുക കൈപ്പറ്റിയ സ്ഥാപനം പദ്ധതിപ്രവർത്തനങ്ങൾക്കായി ആയത് ചെലവഴിച്ചതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിനാവശ്യപ്പെട്ട 16.03.2023 ൽ നല്കിയ 14ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ.നം | പ്രോജക്റ്റ് | പദ്ധതിയുടെ | സ്ഥാപനം | ബിൽ നം (T.R.N)/ | ചെലവ് |
|---|---|---|---|---|---|

| | നം | പേര് | | വൌച്ചർ നം | |
|---|---|---|---|---|---|
| 1 | S0058/22 | ഐ കെ എം വിഹിതം നല്കൽ | ഐ കെ എം | 21120252014200280843/ 9.8.2021 | 46115/- |
| 2 | S0059/22 | സ്റ്റെങ്ത്തനിംഗ് ഓഫ് എർലി ഇൻർവെൻഷൻ സെൻറർ - ജില്ലാ പഞ്ചായത്ത് വിഹിതം അടവാക്കൽ | ജില്ലാ പഞ്ചായത്ത് | 21120252014201183271/ 23.2.2022 | 20,000/- |
| 3 | S00229/22 | കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | കേരള വാട്ടർ അതോറിറ്റി | 22100911/28.12.21 22101325/30.3.22 | 450,000/- 32358/- |

തുക കൈപ്പറ്റിയ സ്ഥാപനത്തിൽ നിന്നും വിനയോഗ സാക്ഷ്യപത്രം ഹാജരാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതുവരെ 548473/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-15 തണ്ടും പുറം കോളനിയിൽ വാട്ടർ ടാങ്ക്- പ്രവൃത്തി ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്റ്റ് നം | S00149/22 |
| പദ്ധതി | തണ്ടും പുറം കോളനിയിൽ വാട്ടർ ടാങ്ക് |
| അടങ്കൽ | 85000/(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവഴിച്ച തുക | 78008/ 12/1/22 ൽ വിക്ടോറിയ പോളി ഫോം ന്റെ അക്കൗണ്ട് നം 0437083000000006 ലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട് |
| നിർവ്വഹണം | സെക്രട്ടറി |

ആവോലി ഗ്രാമപഞ്ചായത്ത് ഏഴാം വാർഡിൽ തണ്ടുപുറം കോളനിയിൽ വേനൽകാലത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. ആയത് പരിഹരിക്കുന്നതിന് കാവന കുടിവെള്ള പദ്ധതിയിൽ നിന്നുള്ള വെള്ളം 5000 ലിറ്റർ വീതം രണ്ട് ടാങ്കുകളിൽ ശേഖരിച്ച് കോളനി നിവാസികൾക്ക് ലഭ്യമാക്കുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ഇത് പ്രകാരം രണ്ട് വാട്ടർ ടാങ്കുകൾ വാങ്ങി. എന്നാൽ പ്രസ്തുത ടാങ്കുകളിൽ നാളിതുവരെ ജലം ശേഖരിച്ചിട്ടില്ലായെന്ന് പ്രാദേശിക പരിശോധനയിൽ വ്യക്തമായി . ചിത്രം കാണുക.



ആയതിന് വിശദീകരണം ആവശ്യപ്പെട്ട് 16.03.2023 ൽ നല്കിയ 15ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല.രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ് തണ്ടുപുറം കോളനി. ഇരുപതോളം കുടുംബങ്ങളാണ് ഇവിടെയുള്ളത്. കുടിവെള്ളം പോലെ ജനങ്ങൾക്ക് ജീവൽ പ്രധാനമായ പദ്ധതികൾ നടപ്പിലാക്കാൻ ആസൂത്രണം ചെയ്യുകയും പണം മുടക്കി സാധനങ്ങൾ വാങ്ങുകയും ചെയ്തിട്ടും ഗുണഭോക്താക്കൾക്ക് പദ്ധതികൊണ്ട് യാതൊരു പ്രയോജനവും ലഭിച്ചില്ലായെന്നുള്ളത് അംഗീകരിക്കാനാവില്ല. ആയതിനാൽ പദ്ധതിക്കായി ചെലവഴിച്ച 78008/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 നെൽകൃഷി വികസനം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം ,പേര് | 25/21-22, നെൽകൃഷി വികസനം |
| അടങ്കൽ , ഫണ്ട് | 252458/- വികസനഫണ്ട് (പൊതുവിഭാഗം)<br>40,000/-(ബ്ളോക്ക് പഞ്ചായത്ത് )<br>172500/-(ജില്ലാ പഞ്ചായത്ത് ) |
| ബിൽ നം ,തീയതി, തുക | വികസന ഫണ്ട് (പൊതുവിഭാഗം) (252458/-)<br>2112025209710052489O, 16.10.2021, 16380/-<br>21120252097100586316, 29.10.2021, 40500/-<br>21120252097100968734, 18.1.2022, 31600/-<br>21120252097100968742, 18.1.2022, 3600/-<br>21120252097100888218, 05.1.2022, 160378/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>21120252097100884250 4.1.2022, 40,000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം(160378/-)<br>2112025209711134825, 16.2.2022, 160378/-<br>ആകെ ചെലവ് 452836/- |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

ഗ്രാമ പഞ്ചായത്തിലെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വികസനത്തിനുമായി കർഷകർക്ക് നെൽ വിത്ത് വിതരണം ചെയ്യുകയും നെൽക്കൃഷിക്ക് കൂലിചെലവ് നല്കുകയുമാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള അപാകങ്ങൾ കാണുന്നു.

പഞ്ചായത്തീരാജ്, നഗരപാലിക സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള ജനകീയാസൂത്രണ പദ്ധതികൾക്കായി 14.02.2018

ൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) നം 22/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ക്രമനം 6.1 (കൃഷി) 6 ൽ ഭുവിസ്തൃതിക്കാനുപാതികമായി (പാട്ടക്കൃഷി ഉൾപ്പെടെ) ആനുകൂല്യം നല്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയതനുസരിച്ച് അപേക്ഷകർ നല്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭുവിസ്തൃതിക്കാനുപാതികമായി നെൽക്കൃഷി ചെയ്തിട്ടുണ്ടെന്ന് കൃഷി ഓഫീസർ പരിശോധിച്ച് കൂലിച്ചെലവ് അനുവദിക്കാവുന്നതാണ്. നിലവിൽ 59 ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് നെൽക്കൃഷിക്ക് കൂലിച്ചെലവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ കൃഷി അസിസ്റ്റന്റിന്റെയോ, അസിസ്റ്റന്റ് കൃഷി ഓഫീസറുടേയോ ശിപാർശ അപേക്ഷയിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. കൂടാതെ ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യമായി തുക അനുവദിച്ചത് കൊണ്ടുള്ള കൃഷി ഓഫീസറുടെ ഉത്തരവില്ല. ഗുണഭോക്താക്കൾ നല്കിയ അപേക്ഷയിലെ ഭുവിസ്തൃതി മാത്രം പരിഗണിച്ചാണ് നെൽക്കൃഷിക്ക് കൂലിച്ചെലവ് അനുവദിച്ചിട്ടുള്ളത്.ഇത് സംബന്ധിച്ച് 17.03.2023 ൽ നല്കിയ 19ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പരാമർശത്തിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

വി ഇ ഒ, ആവോലി സർക്കിൾ 2021-22 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ ഫയലുകളും രജിസ്റ്ററുകളും ഗുണഭോക്താവിന് തുക ലഭ്യമായതിന്റെ രേഖയും 14.03.2023 ന് മുൻപ് ഹാജരാക്കാനാവശ്യപ്പെട്ട് 13.03.2023 ൽ ഓഡിറ്റ് റിക്വിസിഷൻ നൽകിയിരുന്നു. ഹാജരാക്കിയ രേഖകളിൽ പദ്ധതികളുടെ ചെലവ് പരിശോധിക്കാൻ പര്യാപ്തമായ രേഖകൾ ലഭ്യമാകാത്തതിനാൽ 16.03.2023 ൽ 10ാം നമ്പർ ഓഡിറ്റ് എൻക്വയറിയും നൽകിയിരുന്നു. താഴെപ്പറയുന്ന പദ്ധതികളുടെ അവശ്യ രേഖകൾ ഹാജരാക്കാത്തതിനാൽ 3194802/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ, പേര് | അടങ്കൽ | ചെലവ് | കുറിപ്പ് |
|---|---|---|---|---|
| 1 | S0190/22 പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം | 2500000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) | 1542353/- (കേന്ദ്രാവിഷ്കൃത ഫണ്ട്) | ഗുണഭോക്താവിന് തുക ലഭ്യമായതിന്റെ രേഖയില്ല. |
| 2 | 225/22 മാലിന്യ മുക്ത ആവോലി ഗ്രാമപഞ്ചായത്ത് | 500100/- (കേന്ദ്രാവിഷ്കൃത ഫണ്ട്) | 180459/- (കേന്ദ്രാവിഷ്കൃത ഫണ്ട്) | പദ്ധതിയിലെ ചെലവിന് അടിസ്ഥാനമായ ബില്ലുകൾ, ഗുണഭോക്താവിന് തുക ലഭ്യമായതിന്റെ രേഖകൾ എന്നിവ ലഭ്യമല്ല |
| 3 | 103/22 ഹരിതകർമ്മസേന തുടർപ്രവർത്തനങ്ങൾ | 100000/- (50000/-കേന്ദ്രാവിഷ്കൃത ഫണ്ട്, 50000/- തനത് ഫണ്ട്) | 47310/- (കേന്ദ്രാവിഷ്കൃത ഫണ്ട്) | പദ്ധതി നടത്തിപ്പിന്റെ വിവരങ്ങൾ, ചെലവിന് അടിസ്ഥാനമായ ബില്ലുകൾ, ഗുണഭോക്താവിന് തുക ലഭ്യമായതിന്റെ രേഖകൾ എന്നിവ ലഭ്യമല്ല |
| 4 | 247/22 പട്ടികജാതിക്കാർക്ക് വീട് മെയിന്റനൻസ് | 50000/- (35600/- എസ് സി പി, 14400/- | 50000/- (35600/- എസ് സി പി, 14400/- | ഗുണഭോക്താവിന് തുക ലഭ്യമായതിന്റെ രേഖയില്ല |

| | | | | |
|---|---|---|---|---|
| | | തനത് ഫണ്ട്) | തനത് ഫണ്ട്) | |
| 5 | 161/22 വീട് വാസയോഗ്യമാക്കൽ ജനറൽ | 700000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | 700000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | ഗുണഭോക്താവിന് തുക ലഭ്യമായതിന്റെ രേഖയില്ല |
| 6 | 158/22 വീട് മെയിന്റനൻസ് ആശ്രയ | 150000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | 150000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | ഗുണഭോക്താവിന് തുക ലഭ്യമായതിന്റെ രേഖയില്ല |
| 7 | 144/22 വനിതാ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി | 524680/- (വികസന ഫണ്ട്-സാധാരണ വിഹിതം) | 524680/- (വികസന ഫണ്ട്-സാധാരണ വിഹിതം) | നൽകിയ തുക ബാങ്കിൽ ക്രെഡിറ്റായതിന്റെ രേഖയില്ല |
| | ആകെ | 4524780/- | 3194802/- | |

### 1-18 ടെൻഡർ വ്യതിയാനം കുറവ് ചെയ്യാതെ തുക അധികം നൽകി

പാറക്കൽ താഴം ഉമ്പിക്കല്ല് കടവ് റോഡ് കോൺക്രീറ്റിംഗ് വാർഡ് 9 എന്ന പദ്ധതിയിൽ (നമ്പർ S50/22) ടെൻഡർ വിളിച്ചതിൽ ഏറ്റവും കുറവ് തുക 32% ടെൻഡർ ബിലോ ആണ് കരാറുകാരൻ ക്വോട്ട് ചെയ്തിരുന്നത്. കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കി തുക നൽകിയപ്പോൾ ടെൻഡർ വ്യതിയാനം കുറവ് ചെയ്യാത്തതിനാൽ ₹83619/- കരാറുകാരന് അധികം നൽകി. വിശദ വിവരം ഖണ്ഡിക നമ്പർ 3-1 ൽ ചേർത്തിട്ടുണ്ട്.

### 1-19 ആസ്തിസംരക്ഷണം-കാര്യക്ഷമത ഉറപ്പ് വരുത്തേണ്ടതാണ്

1) വനിതാ ശിശു സൗഹൃദ കേന്ദ്രം

പഞ്ചായത്തിലെ ഒന്നാം വാർഡിൽ അങ്കണവാടിക്ക് മുകളിൽ പണിതീർത്ത വനിതാശിശു സൗഹൃദകേന്ദ്രത്തിന് പ്രൊജക്ട് നമ്പർ 163/22 മുഖേന 95043/-രൂപ പ്രവൃത്തിമൂല്യം വരുന്ന സീലിംഗ്, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ സ്ഥലം സന്ദർശിച്ചതിൽ ഇവിടം പ്രാവുകളുടെ വിസർജ്ജ്യം, പൊടി എന്നിവ മൂലം വൃത്തിഹീനമായും രണ്ട് ഫാനുകൾ പ്രവർത്തനരഹിതമായി താഴെ വീണ് കിടക്കുന്നതായും കാണപ്പെട്ടു. ചിത്രങ്ങൾ കാണുക.

എ) ഹാളിൽ പ്രാവിന്റെ വിസർജ്ജ്യം മൂലം മലിനമായിരിക്കുന്നു. ബി) ഫാൻ താഴെ വീണ് കിടക്കുന്നു.





പണി തീർത്തിട്ടുള്ള ഹാളിലേക്ക് കയറുന്ന കോണിപ്പടികൾ മുതൽ പ്രാവുകളുടെ വിസർജ്ജ്യം നിറഞ്ഞാണ് കാണപ്പെടുന്നത്. ഏതെങ്കിലും പരിപാടികൾ നടത്തുന്നതിനായി വൃത്തിയാക്കുക എന്നത് ശ്രമകരവും ആരോഗ്യപ്രശ്നങ്ങൾക്ക് വഴിവയ്ക്കുന്ന തരത്തിലുമാണ് നിലവിലുള്ളത്. അങ്കണവാടിയിലേക്ക് കുടിവെള്ളത്തിനായി ഉപയോഗിച്ച് വന്നിരുന്ന വാട്ടർടാങ്ക് ഈ ഹാൾ പണിതത് മൂലം താല്ക്കാലികമായി

പുറത്ത് ഇരുമ്പ് പൈപ്പിന്മേൽ സ്ഥാപിച്ചിരുന്നത് ഭാരം മൂലം ചരിഞ്ഞ അവസ്ഥയിലായതിനാൽ നിലവിൽ ഉപയോഗിക്കാൻ സാധിക്കാതെ നിലനിൽക്കുകയാണ്. ഇത് അങ്കണവാടിയിൽ കുടിവെള്ള ദൗർലഭ്യത്തിന് കാരണമായിട്ടുണ്ട്.

ആസ്തി സംരക്ഷണത്തിലെ ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 15.03.2023 ലെ 7ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വനിതാ ശിശുസൗഹൃദ കേന്ദ്രത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് 2022-23 വർഷം പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2) കുടുംബാരോഗ്യ കേന്ദ്രത്തിന് സമീപമുള്ള റോഡ്

പഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിന് സമീപമുള്ള ഓട നവീകരണത്തിനായി തൻവർഷം 185/22 നമ്പർ പ്രൊജക്ട് മുഖേന 297139/- രൂപ ചെലവഴിച്ച് ഓട നിർമ്മാണം പൂർത്തീകരിക്കുകയും സംരക്ഷണഭിത്തി കെട്ടുകയും ചെയ്തിരുന്നു. എന്നാൽ സംരക്ഷണഭിത്തിയോട് ചേർന്നുള്ള കോൺക്രീറ്റ് റോഡിൽ നിലവിൽ വിള്ളൽ ഉള്ളതായി സ്ഥലം സന്ദർശിച്ചതിൽ കാണപ്പെട്ടു. ചിത്രം ചുവടെ ചേർക്കുന്നു.



നാലുചക്ര വാഹനങ്ങളും ആളുകളും കടന്ന് പോകുന്ന റോഡിൽ രൂപപ്പെട്ട വിള്ളൽ സുരക്ഷാഭീഷണി ഉണ്ടാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ച് ആസ്തിസംരക്ഷണം കാര്യക്ഷമമാക്കുന്നത് ഉചിതമായിരിക്കും.

1-20 കാലി ബാരലിന്റെ വില തനത് ഫണ്ടിൽ നിലനിൽക്കുന്നു.

പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള വിവിധ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്ന് കാലി വീപ്പയുടെ വില ഈടാക്കിയത് തനത് ഫണ്ടിലാണ് വരവ് വച്ചിട്ടുള്ളത്. ഈ തുകകൾ ഗവൺമെന്റിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/16.03.2023) തുക നിലവിൽ തനത് ഫണ്ടിലാണ് ഉള്ളതെന്നും സർക്കാരിലേക്ക് ഒടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ (ജി . ഒ.(പി) 77/06 ധനം12-04-06 ഉത്തരവ് ഖണ്ഡിക 3 പാലിച്ച് ) തിരിച്ചടച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-21 പകർച്ചവ്യാധി നിയന്ത്രണ പരിപാടി -ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 133/22, പകർച്ചവ്യാധി നിയന്ത്രണ പരിപാടി |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പിഎച്ച് സി |
| അടങ്കൽ | 50,000/- (തനത് ഫ ഫണ്ട്- ) |
| ചെലവ് | 50000/- (തനത് ഫണ്ട്- ) |
| ബിൽ നമ്പർ | വൗച്ചർ നം 22100554 Dt 18-10-21, 9900/-<br>വൗച്ചർ നം 22101118 Dt 4-3-22 , 33700/-<br>വൗച്ചർ നം 22101116 Dt 4-3-22 , 6400/- |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവു രേഖകൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 16-3-23 ലെ ഓഡിറ്റ് എൻക്വയറി നം 13 ന് മറുപടി നൽകിയില്ല. ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവു തുകയായ 50000/-

രൂപ ഓഡിറ്റ് തടസപ്പെടുത്തുന്നു.

1-22 മരുന്നുകൾ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 104/22, പി എച്ച് സി മരുന്ന് വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി |
| അടങ്കൽ | 2,00,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം ) |
| ചെലവ് | 2,00,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം ) |
| ബിൽ നമ്പർ | 6/21-22, 6-7-21, 14018/-<br>18/21-22, 10-9-21, 99655/-<br>28/21-22, 6-11-21, 14994/-<br>33/21-22, 6-12-21, 38292/-<br>35/21-22, 14-2-22, 32712/-<br>36/21-22, 14-3-22, 329/- |

മേൽ പദ്ധതിയ്ക്കായി ട്രഷറി ബിൽ നം 18/21-22 , 10-9-21, 99655/-പ്രകാരമുള്ള തുകയിൽ നിന്ന് 2021-22 വർഷം മരുന്ന് ലഭ്യമാക്കുന്നതിന് ആകെ 82805/- രൂപ കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡിന് കൈമാറിയെങ്കിലും(PRF-1761 Dt 19-8-21 ) മരുന്നുകൾ ലഭ്യമായില്ല. മരുന്നുകൾലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. എന്നാവശ്യപ്പെട്ട് നൽകിയ 16-3-23 ലെ ഓഡിറ്റ് എൻക്വയറി നം 13 ന് മറുപടി നൽകിയില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത വിശദാംശങ്ങൾ അടക്കം അറിയിക്കുന്നതുവരെ ചെലവു തുകയായ 82805/- രൂപ ഓഡിറ്റ് തടസപ്പെടുത്തുന്നു.

1-23 ജില്ലാ സമഗ്ര കാൻസർ നിയന്ത്രണ പരിപാടി- അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 66/22, ജില്ലാ സമഗ്ര കാൻസർ നിയന്ത്രണ പരിപാടി രണ്ടാം ഘട്ടം, ജില്ലാപഞ്ചായത്തിന് തുക കൈമാറൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പിഎച്ച് സി |
| അടങ്കൽ | 50,000/- (തനത് ഫണ്ട്- ) |
| ചെലവ് | 48146/-(തനത് ഫണ്ട്- ) |
| ബിൽ നമ്പർ | വൗച്ചർ നം 22101281 Dt 30-3-22 , 45786/-<br>വൗച്ചർ നം 22101303 Dt 31-3-22 , 2360/- |

മേൽ പദ്ധതി കാൻസർ നിയന്ത്രണ പരിപാടി രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ആശുപത്രിയിലേക്ക് വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനാണ് തുക ചെലവ് ചെയ്തിട്ടുള്ളത്. ഇതിന് വിശദീകരണം നൽകേണ്ടതും കാൻസർ നിയന്ത്രണ പരിപാടികളുമായി ബന്ധപ്പെട്ട് തൻവർഷം നടപ്പിലാക്കിയ വിവിധ പരിപാടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ 16-3-23 ലെ ഓഡിറ്റ് എൻക്വയറി നം 13 ന് മറുപടി നൽകിയില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

1-24 മെഡിക്കൽ ഓഫീസർ, പിഎച്ച് സി നടപ്പിലാക്കിയ പദ്ധതിയിലെ അപാകത.

മെഡിക്കൽ ഓഫീസർ, പി എച്ച് സി നടപ്പിലാക്കിയ പ്രോജക്ട് നം 146/22, പി എച്ച് സിയിലേക്കുള്ള കോവിഡ് പ്രതിരോധ പ്രവർത്തനം, (അടങ്കൽ,- തനത് ഫണ്ട്- 400000, മെയിന്റനൻസ് ഫണ്ട് -റോഡിതരം-300000/-; ചെലവ് തനത് ഫണ്ട്- 202958/-, മെയിന്റനൻസ് ഫണ്ട് -റോഡിതരം299895/-) എന്ന പദ്ധതിയിലൂടെ വിവിധ ദിവസങ്ങളിൽ പാലിയേറ്റീവ് രോഗികൾക്ക് വാക്സിനേഷൻ നൽകുന്നതിനായി ഗൃഹസന്ദർശനം നടത്തുന്നതിന് വാഹനം വാടകയ്ക്ക് എടുത്ത ഇനത്തിൻ

ചെലവ് രേഖപ്പെടുത്തിയതായി കാണുന്നു. വിവിധ ദിവസങ്ങളിൽ ഇത്തരത്തിൽ ഗൃഹസന്ദർശനം നടത്തിയതിന് ദിവസം 850/-രൂപ നിരക്കിൽ 16700/-രൂപ ചെലവായിട്ടുണ്ട്. ഇതേ കാലയളവിൽ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള പാലിയേറ്റീവ് കെയർ പദ്ധതിയുടെ (അടങ്കൽ 466820/-, ചെലവ് 46371/-) ഭാഗമായി ഈ വീടുകളിൽ ഗൃഹസന്ദർശനം നടത്തിയിട്ടുള്ളതാണ്. രണ്ട് പ്രവൃത്തികളും ഒരേ സമയം ചെയ്തിരുന്നുവെങ്കിൽ വാഹനവാടക ഇനത്തിലുണ്ടായ അധിക ചെലവ് ഒഴിവാക്കാമായിരുന്നു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 16-3-23 ലെ ഓഡിറ്റ് എൻക്വയറി നം 13 ന് മറുപടി നൽകിയില്ല.

വിശദീകരണം നൽകേണ്ടതും സാദ്ധ്യമെങ്കിൽ പദ്ധതി നടത്തിപ്പിൽ ഒഴിവാക്കാവുന്ന ചെലവുകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടെൻഡർ വ്യതിയാനം കുറവ് ചെയ്യാതെ തുക അധികം നൽകി

| | |
|---|---|
| പദ്ധതിയുടെ പേര്, നം | പാറക്കൽ താഴം തുമ്പിക്കല്ല് കടവ് റോഡ് കോൺക്രീറ്റിംഗ് വാർഡ് 9,<br>S50/22 |
| അടങ്കൽ | 271573/-( മെയിന്റനൻസ് ഫണ്ട്-റോഡ്) |
| ചെലവ് | 270997/- |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| ബിൽ നം/<br>തീയതി | 282/19.01.2022 |
| എം ബുക്ക് നമ്പർ | 231/19-20 |
| കരാറുകാരന്റെ പേര് | ശ്രീ. ശ്രീജിത്ത് വി എസ് |

ഈ പദ്ധതിയിൽ ടെൻഡർ വിളിച്ചതിൽ ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത കരാറുകാരനാണ് കരാർ നൽകിയിട്ടുള്ളത്. 32% ടെൻഡർ ബിലോ ആണ് കരാറുകാരൻ ക്വോട്ട് ചെയ്തിരുന്നത്. ആകെ പ്രവൃത്തിമൂല്യം 241962/- രൂപയും ജി എസ് ടി ഉൾപ്പെടെയുള്ള തുക 270997/- രൂപയുമാണ്. 9680/- രൂപ ആദായനികുതി, KCWWF, ജി എസ് ടി എന്നിവ കുറവ് ചെയ്ത് കരാറുകാരന് 261317/- രൂപ നൽകിയിട്ടുണ്ട്. ടെൻഡർ വ്യതിയാനം കുറവ് ചെയ്യാത്തതിനാൽ താഴെപ്പറയും പ്രകാരം കരാറുകാരന് അധികം തുക നൽകിയതായി കാണുന്നു.

| കരാറുകാരന് നൽകിയ തുക | | കരാറുകാരന് നൽകേണ്ട തുക |
|---|---|---|
| ആകെപ്രവൃത്തി മൂല്യം | ₹241962/- | ₹241962/- |
| (-) ടെണ്ടർ കിഴിവ് 32% (₹ 77428) | | 164534/- |
| ജി എസ് ടി(12%) | 29036/- | 19744/- |
| (-) നികുതികൾ (2420X4= 9680) | ₹ 9680/- | 1645x4=6580 |

| | | |
|---|---|---|
| (IT @ 1% = 2420<br>KCWWF @ 1% = 2420<br>GST @ 1% = 2420<br>SGST @ 1% = 2420 ) | | |
| ആകെ തുക | ₹ 261318/-<br>(നൽകിയ തുക 261317/-രൂപ) | 177698/- |

അധികം നൽകിയ തുക 261317-177698=83619/-

കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 16.03.2023 ൽ നൽകിയ 8ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 83619/- രൂപ കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ/ വൌച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 229/21-22 പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 22100946/ 28.12.2021<br>22101325/ 30.03.2022 | 450,000/-<br>32358/- | 0 | 482358/ |
| | ആകെ | | 482358/ | 0 | 482358/ |

### 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2021-22 | 1562378 | 106/21-22 ലൈഫ് ഭവനപദ്ധതി -ജനറൽ | 200000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 107/21-22 ലൈഫ് ഭവനപദ്ധതി -എസ് സി | 800000 | 0 |
| | | | | 115/21-22, സമഗ്ര നെൽകൃഷി വികസനം | 160378 | 0 |
| | | | | 125/21-22 ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | | | | 143/21-22 ക്ഷീരസംഘങ്ങൾ വഴി സംഭരിക്കുന്ന പാലിന് ധനസഹായം | 74000 | 0 |
| | | | | 236/21-22 ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് | 128000 | 0 |
| | ആകെ | | 1562378 | | 1562378 | |
| 2 | ബ്ലോക്ക്പഞ്ചായത്ത് (മൂവാറ്റുപുഴ ബ്ലോക്ക്) | 2021-22 | 1550000 | 106/21-22 ലൈഫ് ഭവനപദ്ധതി -ജനറൽ | 400000 | 0 |
| | | | | 107/21-22 ലൈഫ് ഭവനപദ്ധതി -എസ് സി | 540000 | 0 |
| | | | | 115/21-22, സമഗ്ര നെൽകൃഷി വികസനം | 40000 | 0 |
| | | | | 125/21-22 ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് | 320000 | |
| | | | | 135/21-22, സമഗ്ര പച്ചകൃഷി വികസനം | 50000 | 0 |
| | | | | 143/21-22 ക്ഷീരസംഘങ്ങൾ വഴി സംഭരിക്കുന്ന പാലിന് ധനസഹായം | 200000 | 0 |
| | ആകെ | | 1550000 | | 1550000 | 0 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചട | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചട |
|---|---|---|---|---|---|

| | | | സ്റ്റാൻ ബാക്കിയുണ്ടായിരുന്ന തുക +തൻ വർഷ വരവ് | | | സ്റ്റാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | ജി.ഒ.6105/2019/ധനം/ 1.08.2019 | 37820000 | 32702355 | 2581334 | - | 30121021 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 19797/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രസീത് നമ്പർ തിയ്യതി | അക്കൗണ്ട് ഹെഡ് |
|---|---|---|---|---|---|
| 2019-20 | 1-19 | 1660 | പ്രവീൺ വർഗീസ് | 121010101823/ 22.11.2021 | 320100101--590/-<br>350200201--1070/- |
| 2019-20 | 1-19 | 11794 | വിനു കെ തോമസ് | 121010101241/ 22.9.2021 | 350300113-33314/-<br>350300114-3314/-<br>350200201-3314/-<br>140400199--1852/- |
| 2019-20 | 1-19 | 1605 | മൻസൂർ പി എം | 121010101242/ 22.9.2021 | 350200201-1140/-<br>140400199--465/- |
| 2019-20 | 1-29 | 397 | AE- LSGD | 121010102015/ 30.11.2021 | 350300150 |
| 2019-20 | 1-25 | 1404 | AE- LSGD | 121010102016/ 30.11.2021 | 350300109 |
| 2019-20 | 1-28 | 2862 | സജീവ് സ്റ്റീഫൻ | 121010102135/ 4.12.2021 | 350300110- 1431/-<br>350300111--1431/- |
| 1998-99 | 5 | 75 | പി എസ് സൈനുദീൻ | 121010104119/ 21.3.2022 | 280200401 |
| ആകെ | | 19797 | | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 66656840.00 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64885474.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ളനഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 83619.00/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3954088/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്<br>ചെയ്യാവുന്നവ | സർചാർജ്<br>ചെയ്യാവുന്നവ | ഉത്തരവാദിയായ<br>ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 83619/- | ശ്രീമതി.ബിജി പി എം,<br>അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | - | 83619/- | |

:

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക<br>നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 1)46115/- | ശ്രീ.ബി ബി കിഷോർ ,സെക്രട്ടറി |
| | 2)20000/- | ശ്രീമതി.ശാലിനി വർഗ്ഗീസ്, സെക്രട്ടറി |
| | 3)450000/- | ശ്രീ.ബി ബി കിഷോർ ,സെക്രട്ടറി |
| | 3)32358/- | ശ്രീമതി.ശാലിനി വർഗ്ഗീസ്, സെക്രട്ടറി |
| 1-15 | 78008 | ശ്രീ.ബി ബി കിഷോർ ,സെക്രട്ടറി |
| 1-17 | 3194802/- | ശ്രീ. മുഹമ്മദ് ഷെഫീക്,<br>വി ഇ ഒ, ആവോലി |
| 1-21 | 50000/- | ഡോ.പ്രിയ ബെൽരാജ്,<br>മെഡിക്കൽ ഓഫീസർ പി എച്ച് സി, ആവോലി |
| 1-22 | 82805/- | ഡോ.പ്രിയ ബെൽരാജ്,<br>മെഡിക്കൽ ഓഫീസർ പി എച്ച് സി, ആവോലി |
| ആകെ | 3954088/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീമതി.ബിജി പി എം,<br>അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ,<br>ആവോലി ഗ്രാമപഞ്ചായത്ത് | പുത്തൻകുടി ഹൗസ്,<br>കറുകടം പി ഒ,<br>വെണ്ടുവഴി,<br>കോതമംഗലം |
| 2 | ശ്രീ. മുഹമ്മദ് ഷെഫീക്,<br>വി ഇ ഒ, ആവോലി | വി ഇ ഒ,<br>ആവോലി ഗ്രാമപഞ്ചായത്ത് | സൈന മൻസിൽ,<br>അട്ടപ്പറമ്പ്, |

| | | | |
|---|---|---|---|
| | | | മൂവാറ്റുപുഴ |
| 3 | ഡോ.പ്രിയ ബെൽരാജ്,<br>മെഡിക്കൽ ഓഫീസർ | അവധി | വൃന്ദാവൻ,<br>വടക്കംമുറി,<br>തൊടുപുഴ |
| 4 | ശ്രീ.ബി ബി കിഷോർ ,സെക്രട്ടറി | വിരമിച്ചു | വൃന്ദാവൻ ,<br>മുടവൂർ പി.ഒ മൂവാറ്റുപുഴ |
| 5 | ശ്രീമതി.ശാലിനി വർഗ്ഗീസ്,<br>സെക്രട്ടറി | സെക്രട്ടറി,<br>തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് | പനക്കത്തറ ഹൌസ്,<br>മാങ്ങാനം പി ഒ,<br>കോട്ടയം |

## 4-11 തീർപ്പാക്കുവാൻ ശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1972-73 | എൽ.എഫ്.ഇ.(പി.4)258/86/ 13-01-1987 |
| 1982-83 | എൽ.എഫ്.ഇ. (പി.4)1534/8624-04-1987 |
| 1983-84 | എൽ.എഫ്.ഇ.(പി.4)2383/87/ 10-02-1988 |
| 1984-85 | എൽ.എഫ്.ഇ.(പി.4)126/88/ 13-05-1988 |
| 1985-86 | എൽ.എഫ്.ഇ.(പി.4)346/89 / 21-08-1989 |
| 1986-87 | എൽ.എഫ്.ഇ.(പി.4)609/91/ 6-06-1991 |
| 1987-88 | എൽ.എഫ്.ഇ.(പി.4)1122/91/ 17-01-1992 |
| 1988-89, 1989-90 | എൽ.എഫ്.ഇ.(പി.4)258/86 / 13-01-1993 |
| 1990-91, 1991-92 | എൽ.എഫ്.ഇ.(പി.4)434/93 / 31-10-1995 |
| 1992-93 | എൽ.എഫ്.ഇ.(പി.3)445/96 / 19-07-1996 |
| 1996-97 ചെലവ് | എൽ.എഫ്.ഇ.(പി.5)1150/97/ 19-04-1999 |
| 1997-98, 1998-99 | എൽ.എഫ്.ഇ.(പി.5)1059/02 / 2-12-2002 |
| 1999-00 പ്ലാൻ | എൽ.എഫ്.ഇ.(പി.5)183/05 / 17-08-2005 |
| 1996-97 വരവ് | എൽ.എഫ്.ഇ.(പി.5)1213/7/ 12-02-2008 |
| 1997-98 | എൽ.എഫ്.ഇ.(പി.5)1214/07/ 12-02-2008 |
| 1998-99 | എൽ.എഫ്.ഇ.(പി.5)1215/07/ 12-02-2008 |
| 2000-01 | കെ.എസ്.എ.ഇ.കെ.എം.(പി.8) 718 (1) /2018/10.07.19 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം.(പി.8) 718 (4) /2018/10.07.19 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം.(പി.8) 718 (5) /2018/10.07.19 |
| 2005-06, 2006-07,<br>2007-08,<br>2008-09 | എൽ.എഫ്.ഇ.(പി.5)180/09 / 14-05-2010 |
| 2009-10, 2010-11, 2011-12 | എൽ.എഫ്.ഇ.(പി.8)689/13 / 25-11-2013 |
| 2012-13, 2013-14 | എൽ.എഫ്.ഇ.(പി.8)1791/14/ 15-12-2014 |
| 2014-15 | എൽ.എഫ്.ഇ.(പി.8)1193/16/ 19-07-2016 |
| 2015-16 | കെ എസ് എ (ഇ.കെ.എം)(പി.8)1905/16/ 28-11-2016 |
| 2016-17 | കെ എസ് എ-(ഇ.കെ.എം)(പി.8) 2181/17/ 29-11-2017 |
| 2017-18 | കെ എസ് എ -ഇ.കെ.എം(പി.8) 1170/19/ 02.08.2019 |
| 2018-19 | കെ എസ് എ -ഇ.കെ.എം(പി.8) 123/19/ 14.02.2020 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(പി8) 984/2021 തീയതി<br>27.08.2021 |

| | |
|---|---|
| 2020-21 | കെ.എസ്.എ.-ഇ.കെ.എം.(പി8) 985/2021 തീയതി 27.08.2021 |

.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്